പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 4385 22.07.2015-ൽ മറുപടിക്ക്.

## അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർമാരുടെ നിയമനം

| ചോദ്യം<br>ശ്രീ. റ്റി.വി. രാജേഷ് | മറുപടി<br>ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർമാരുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോഴാണെന്നും ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്നും അറിയിക്കുമോ; പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കിയിട്ടുണ്ടെന്നും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വിശദമാക്കുമോ; | : (എ) അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർ തസ്തികയുടെ റാങ്ക് പട്ടിക 20.03.2014-ന് നിലവിൽ വന്നു. 19.03.2017 വരെയോ പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതുവരെയോ (ഏതാണോ ആദ്യം) റാങ്ക് പട്ടികയ്ക്ക് കാലാവധി ഉണ്ടായിരിക്കും. പി.എസ്.സി നിയമന ശുപാർശ നൽകിയ 65 പേരിൽ 64 പേർക്ക് (സ്ഥിര നിയമനവും താൽക്കാലിക കോടതികളിലെ താൽക്കാലിക അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർമാരുടെ നിയമനം ഉൾപ്പെടെ) നിയമന ഉത്തരവ് നൽകുകയുണ്ടായി. നിയമന ഉത്തരവ് നൽകിയതിനെ തുടർന്നുണ്ടായ 5 എൻ.ജെ.ഡി ഒഴിവ് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായി. 2 പേർ മുൻസിഫ് മജിസ്ട്രേറ്റുമാരായി പോയ ഒഴിവുകളും റിപ്പോർട്ട് ചെയ്തു. 2015 ലെ പ്രതീക്ഷിത സ്ഥിര ഒഴിവുകളും 24 താത്ക്കാലിക JFCMC കളിലെ താത്ക്കാലിക അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർ ഒഴിവുകളും ഇതിനകം തന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർമാർ താത്ക്കാലിക മജിസ്ട്രേറ്റായി പോയതുമൂലമുണ്ടായ 2 ഒഴിവുകൾ സംബന്ധിച്ച കാലാവധി അറിയുന്നമുറയ്ക്ക് ആയത് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്. |
| (ബി) പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ വന്ന ശേഷവും അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർ തസ്തികയിൽ താല്ക്കാലിക നിയമനം ലഭിച്ച എത്ര പേർ തുടരുന്നുണ്ട്; റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിനായി താല്ക്കാലിക ജീവനക്കാരെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | : (ബി) കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം തുടങ്ങിയ ശേഷവും 10 അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർ ഗ്രേഡ് രണ്ട് തസ്തികയിൽ താൽക്കാലികമായി തുടരുന്നുണ്ട്. കെ.പി.എസ്.സി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നു നിയമിക്കപ്പെടുന്ന അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർമാർ നിർബന്ധിത പരിശീലനം വിജയകരമായി പൂർത്തിയാക്കി ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് നിലവിൽ താൽക്കാലികാടിസ്ഥാനത്തിൽ തുടരുന്നവരെ ഒഴിവാക്കാവുന്നതാണ്. |

Hema. V

സെക്ഷൻ ഓഫീസർ